# Year of Spirituality
# Eparchial Quiz Competition



## Week 5 (January 5th–2025)

81. Q: Who was Mar Aprem the Syrian?

A: Ephrem the Syrian was a 4th-century theologian, deacon, and poet from Nisibis (modern-day Turkey). He was known for his hymns *(madrasa)* and exegetical writings *(memre)*.

82. Q: During which century was Mar Aprem the Syrian's *Commentary on Genesis* written?

A: It was written in the 4th century.

83. Q: In what language was Mar Aprem the Syrian's *Commentary on Genesis* originally composed?

A: It was written in Syriac.

84. Q: Where did Mar Aprem the Syrian compose much of his theological work, including this commentary?

A: Mar Aprem the Syrian composed much of his work in Nisibis and later in Edessa after Nisibis was ceded to the Persian Empire.

85. Q: What is the primary purpose of Mar Aprem the Syrian's *Commentary on Genesis?*

A: It aims to interpret the Book of Genesis in light of Christian theology, combining typology, moral teaching, and poetic insight.

86. Q: How does Mar Aprem the Syrian's work reflect the Syriac Christian tradition?

A: His work emphasises poetic exegesis, a focus on the mystery of God, and the harmony between the natural world and divine revelation.

87. Q: What literary form characterises Mar Aprem the Syrian's *Commentary on Genesis?*

A: It is written in a poetic and exegetical style, often employing symbolic and typological interpretations.

88. Q: How does Mar Aprem the Syrian differ from Greek and Latin Fathers in his approach to Scripture?

A: Mar Aprem the Syrian avoids philosophical speculation, focusing instead on a symbolic and spiritual reading of the text rooted in Semitic traditions.

89. Q: Why is Mar Aprem the Syrian referred to as the "Harp of the Holy Spirit"?

A: This title reflects his mastery of theological poetry and his use of hymns to convey profound spiritual truths.

90. Q: What major historical event influenced Mar Aprem the Syrian's theological development?

A: The fall of Nisibis to the Persians in 363 AD and his subsequent move to Edessa deeply shaped his theological reflections on suffering and divine providence.

91. Q: How does Mar Aprem the Syrian interpret the phrase "In the beginning" in Genesis 1:1?

A: Mar Aprem the Syrian views it as pointing to Christ, the eternal Word, who is the beginning of all creation.

92. Q: What is the symbolic meaning of the light created on the first day according to Mar Aprem the Syrian's *Commentary on Genesis?*

A: Mar Aprem the Syrian interprets the light as a revelation of divine truth and a prefiguration of Christ, the Light of the World.

93. Q: How does Mar Aprem the Syrian interpret the separation of light and darkness in his *Commentary on Genesis?*

A: He sees it as symbolising the division between good and evil, reflecting God's order in creation.

94. Q: What theological significance does Mar Aprem the Syrian attribute to the firmament created on the second day in his *Commentary on Genesis?*

A: Mar Aprem the Syrian interprets the firmament as a symbol of divine majesty separating the earthly and heavenly realms.

95. Q: How does Mar Aprem the Syrian explain the creation of the sun and moon on the fourth day in his *Commentary on Genesis?*

A: He views them as symbols of Christ (the Sun of Righteousness) and the Church (reflecting Christ's light).

96. Q: What is the significance of humanity being created in God's image according to Mar Aprem the Syrian's *Commentary on Genesis?*

A: Mar Aprem the Syrian emphasises that this reflects humanity's capacity for free will, moral responsibility, and communion with God.

97. Q: How does Mar Aprem the Syrian interpret the tree of life in the Garden of Eden in his *Commentary on Genesis?*

A: He sees it as a symbol of divine wisdom and eternal life, pointing to Christ.

98. Q: What is the theological meaning of the tree of the knowledge of good and evil according to Mar Aprem the Syrian's *Commentary on Genesis?*

A: Mar Aprem the Syrian interprets it as a test of obedience, representing the choice between God's will and human self-will.

99. Q: How does Mar Aprem the Syrian interpret Adam's naming of the animals in his *Commentary on Genesis?*

A: He sees it as an act of stewardship and a sign of humanity's intellectual and spiritual authority over creation.

100. Q: What role does Eve play in Mar Aprem's interpretation of the Genesis narrative?

A: Mar Aprem highlights Eve's creation as a reflection of unity and complementarity in human relationships.




## Week 5 (January 5th-2025)

81. ചോ: ആരായിരുന്നു മാർ അപ്രേം? ഒരു ചെറിയ വിവരണം തരിക.

ഉ: നിസിബിസിൽ നിന്നുള്ള (ഇന്നത്തെ തുർക്കി) നാലാം നൂറ്റാണ്ടിലെ ദൈവശാസ്ത്രജ്ഞനും മ്ശംശാനയും കവിയുമായിരുന്നു മാർ അപ്രേം. അദ്ദേഹത്തിന്റെ കീർത്തനങ്ങളുടേയും (മദ്രാശെ) വിശുദ്ധഗ്രന്ഥ വ്യാഖ്യാനങ്ങളുടേയും (മെംറെ) പേരിലാണ് അദ്ദേഹം പ്രശസ്തനായിരിക്കുന്നത്.

82. ചോ: ഏത് നൂറ്റാണ്ടിലാണ് മാർ അപ്രേം ഉൽപ്പത്തി പുസ്തകത്തെക്കുറിച്ചുള്ള വ്യാഖ്യാനം *(Commentary on Genesis)* എഴുതിയത്?

ഉ: നാലാം നൂറ്റാണ്ടിൽ.

83. ചോ: ഏത് ഭാഷയിലാണ് മാർ അപ്രേം ഉൽപ്പത്തി പുസ്തകത്തെക്കുറിച്ചുള്ള വ്യാഖ്യാനം *(Commentary on Genesis)* രചിച്ചത്?

ഉ: സുറിയാനി ഭാഷയിൽ.

84. ചോ: ഉൽപ്പത്തി പുസ്തകത്തെക്കുറിച്ചുള്ള വ്യാഖ്യാനമുൾപ്പെടെയുള്ള *(Commentary on Genesis)* തന്റെ ദൈവശാസ്ത്രകൃതികൾ എവിടെവച്ചാണ് മാർ അപ്രേം രചിച്ചത്?

ഉ: നിസിബിസിലും പിന്നീട് പേർഷ്യൻ സാമ്രാജ്യം നിസിബിസിനെ കീഴടക്കിയശേഷം എദ്ദേസായിൽ വച്ചും.

85. ചോ: എന്താണ് മാർ അപ്രേമിന്റെ ഉൽപ്പത്തി പുസ്തകത്തെക്കുറിച്ചുള്ള വ്യാഖ്യാനത്തിന്റെ *(Commentary on Genesis)* പ്രാഥമിക ലക്ഷ്യം?

ഉ: സൂചികഭാഷ (typological language), ധാർമ്മിക പ്രബോധനങ്ങൾ (moral teaching), കാവ്യാത്മ ദർശനങ്ങൾ (poetic insight) തുടങ്ങിയവ സംയോജിപ്പിച്ചുകൊണ്ട് ക്രൈസ്തവ ദൈവശാസ്ത്രത്തിന്റെ വെളിച്ചത്തിൽ ഉല്പത്തി പുസ്തകത്തെ വ്യാഖ്യാനിക്കുക.

86. ചോ: മാർ അപ്രേമിന്റെ കൃതികൾ എങ്ങനെയാണ് സുറിയാനി ക്രൈസ്തവ പാരമ്പര്യത്തെ പ്രതിഫലിപ്പിക്കുന്നത്?

ഉ: ദൈവീക രഹസ്യങ്ങളെ കാവ്യാത്മക ഭാഷയിലൂടെ വ്യാഖ്യാനിക്കുന്നതും പ്രകൃതിയും ദൈവീക വെളിപാടും തമ്മിലുള്ള ഐക്യത്തെ അടിവരയിടുന്നതും സുറിയാനി ദൈവശാസ്ത്ര പാരമ്പര്യത്തിന്റെ ഭാഗമാണ്. ഈ രണ്ടു ഘടകങ്ങളും മാർ അപ്രേമിന്റെ കൃതികളിൽ വളരെ പ്രകടമായി കാണാം.

87. ചോ: മാർ അപ്രേമിന്റെ ഉൽപ്പത്തി പുസ്തകത്തെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ *(Commentary on Genesis)* ഉപയോഗിച്ചിരിക്കുന്ന സാഹിത്യരൂപത്തിന്റെ സവിശേഷത എന്താണ്?

എ: കാവ്യാത്മകവും (poetic) വ്യാഖ്യാനാത്മകവുമായ (exegetical) ഭാഷാശൈലിയിലാണ് ഇത് എഴുതിയിരിക്കുന്നത്. പ്രതീകാത്മകവും (symbolic) സൂചനാത്മകവുമായ (typological) വ്യാഖ്യാനങ്ങളാണ് ഇതിൽ ഉപയോഗിച്ചിരിക്കുന്നത്.

88. ചോ: വിശുദ്ധ ഗ്രന്ഥത്തോടുള്ള സമീപനത്തിൽ മാർ അപ്രേം ഗ്രീക്ക്, ലത്തീൻ സഭാപിതാക്കന്മാരിൽ നിന്ന് എങ്ങനെയാണ് വ്യത്യാസപ്പെട്ടിരിക്കുന്നത്?

A: താത്വികമായ ഊഹാപോഹങ്ങൾ (philosophical speculation) ഒഴിവാക്കി അതിനുപകരം സെമിറ്റിക് പാരമ്പര്യങ്ങളുടെ സവിശേഷതയായ പ്രതീകാത്മകവും ആത്മീയവുമായ വിശുദ്ധഗ്രന്ഥ വ്യാഖ്യാനത്തിനാണ് മാർ അപ്രേം പ്രാധാന്യം കൊടുത്തത്.

89. ചോ: എന്തുകൊണ്ടാണ് മാർ അപ്രേമിനെ "റൂഹാദ് ഖുദ്ശായുടെ കിന്നരം" എന്ന് വിശേഷിപ്പിക്കുന്നത്?

ഉ: ദൈവശാസ്ത്രപരമായ കവിതകൾ രചിക്കാനുള്ള വൈദഗ്ധ്യം, ആഴത്തിലുള്ള ആത്മീയ സത്യങ്ങളെ പഠിപ്പിക്കാനായി കീർത്തനങ്ങളെ ഉപയോഗിക്കാനുള്ള മികവ് തുടങ്ങിയ അദ്ദേഹത്തിന്റെ കഴിവുകളെ പരിഗണിച്ചാണ് അദ്ദേഹത്തെ "റൂഹാദ് ഖുദ്ശായുടെ കിന്നരം" എന്ന് വിശേഷിപ്പിക്കുന്നത്.

90. ചോ: മാർ അപ്രേമിന്റെ ദൈവശാസ്ത്ര വിചിന്തനങ്ങളുടെ വളർച്ചയെ സ്വാധീനിച്ച പ്രധാനപ്പെട്ട ചരിത്രസംഭവം ഏതാണ്?

ഉ: എ. ഡി. 363-ൽ പേർഷ്യക്കാർ നിസിബിസിനെ കീഴടക്കിയതും അതിന്റെ ഫലമായി മാർ അപ്രേമിന് എദ്ദേസായിലേക്ക് പാലായനം ചെയ്യേണ്ടിവന്നതും കഷ്ടപ്പാടുകളേയും ദൈവിക പരിപാലനയേയും കുറിച്ചുള്ള അദ്ദേഹത്തിന്റെ ദൈവശാസ്ത്രപരമായ വിചിന്തനങ്ങളെ ആഴത്തിൽ സ്വാധീനിച്ചു.

91. ചോ: ഉല്പത്തി 1:1-ലെ "ആദിയിൽ" എന്ന വാചകത്തെ മാർ അപ്രേം എങ്ങനെയാണ് വ്യാഖ്യാനിക്കുന്നത്?

ഉ: ആദിയിൽ എന്ന വചനം എല്ലാ സൃഷ്ടികളുടെയും തുടക്കമായ നിത്യവചനമായ മിശിഹായിലേക്ക് വിരൽ ചൂണ്ടുന്നതായി മാർ അപ്രേം വീക്ഷിക്കുന്നു.

92. ചോ: മാർ അപ്രേമിന്റെ ഉല്പത്തി പുസ്തകത്തെക്കുറിച്ചുള്ള വ്യാഖ്യാനമനുസരിച്ച് *(Commentary on Genesis)* ആദ്യ ദിവസം സൃഷ്ടിക്കപ്പെട്ട പ്രകാശത്തിന്റെ പ്രതീകാത്മക അർത്ഥം എന്താണ്?

ഉ: ആദ്യ ദിവസം സൃഷ്ടിക്കപ്പെട്ട പ്രകാശത്തെ ദൈവീക സത്യത്തിന്റെ വെളിപാടായും ലോകത്തിന്റെ വെളിച്ചമായ മിശിഹായുടെ മുൻരൂപമായും (prefiguration) മാർ അപ്രേം വ്യാഖ്യാനിക്കുന്നു.

93. ചോ: ദൈവം വെളിച്ചത്തേയും ഇരുട്ടിനേയും വേർതിരിക്കുന്നതിനെ മാർ അപ്രേം തന്റെ ഉൽപ്പത്തി പുസ്തകത്തെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ *(Commentary on Genesis)* എങ്ങനെയാണ് വ്യാഖ്യാനിക്കുന്നത്?

ഉ: നന്മയേയും തിന്മയേയും തമ്മിൽ വേർതിരിച്ച് സൃഷ്ടികർമ്മത്തിൽ ദൈവം കാത്തുസൂക്ഷിക്കുന്ന ക്രമമായാണ് മാർ അപ്രേം ഇതിനെ വ്യാഖ്യാനിക്കുന്നത്.

94. ചോ: മാർ അപ്രേം തന്റെ ഉൽപ്പത്തി പുസ്തകത്തെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ *(Commentary on Genesis)* രണ്ടാം ദിവസം സൃഷ്ടിക്കപ്പെട്ട ആകാശത്തിന് ദൈവശാസ്ത്രപരമായ എന്ത് പ്രാധാന്യമാണ് നൽകുന്നത്?

ഉ: ഭൗമിക, സ്വർഗീയ മേഖലകളെ വേർതിരിക്കുന്ന ദിവ്യ മഹത്വത്തിൻ്റെ പ്രതീകമായി ആകാശത്തെ മാർ അപ്രേം വ്യാഖ്യാനിക്കുന്നു.

95. ചോ: നാലാം ദിവസം സൂര്യനെയും ചന്ദ്രനെയും സൃഷ്ടിച്ചതിനെക്കുറിച്ച് മാർ അപ്രേം തൻ്റെ ഉൽപ്പത്തി പുസ്തകത്തെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ *(Commentary on Genesis)* എങ്ങനെയാണ് വിശദീകരിക്കുന്നത്?

ഉ: സൂര്യനെ നീതിസൂര്യനായ മിശിഹായുടെ പ്രതീകമായും ചന്ദ്രനെ മിശിഹായുടെ പ്രകാശത്തെ പ്രതിഫലിപ്പിക്കുന്ന സഭയുടെ പ്രതീകമായും മാർ അപ്രേം വ്യാഖ്യാനിക്കുന്നു.

96. ചോ: മാർ അപ്രേമിന്റെ ഉൽപ്പത്തി പുസ്തകത്തെക്കുറിച്ചുള്ള വ്യാഖ്യാനമനുസരിച്ച് *(Commentary on Genesis)* ദൈവത്തിൻ്റെ പ്രതിച്ഛായയിൽ മനുഷ്യരാശി സൃഷ്ടിക്കപ്പെട്ടതിന്റെ പ്രാധാന്യം എന്താണ്?

ഉ: സ്വതന്ത്ര ഇച്ഛാശക്തി (free will), ധാർമ്മിക ഉത്തരവാദിത്തം (moral responsibility), ദൈവവുമായുള്ള കൂട്ടായ്മ (communion with God) എന്നിവയ്ക്കുള്ള മനുഷ്യരാശിയുടെ കഴിവിനെയാണ് ദൈവത്തിൻ്റെ പ്രതിച്ഛായയിൽ മനുഷ്യരാശി സൃഷ്ടിപ്പെട്ടത് പ്രതിഫലിപ്പിക്കുന്നതെന്ന് മാർ അപ്രേം അടിവരയിടുന്നു.

97. ചോ: മാർ അപ്രേം തൻ്റെ ഉൽപ്പത്തി പുസ്തകത്തെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ *(Commentary on Genesis)* ഏദൻ തോട്ടത്തിലെ ജീവന്റെ വൃക്ഷത്തെ എങ്ങനെയാണ് വ്യാഖ്യാനിക്കുന്നത്?

ഉ: ദൈവീക ജ്ഞാനത്തിൻ്റെയും നിത്യജീവൻ്റെയും ഉറവിടമായ മിശിഹായുടെ പ്രതീകമായിട്ടാണ് മാർ അപ്രേം ഏദൻ തോട്ടത്തിലെ ജീവന്റെ വൃക്ഷത്തെ കാണുന്നത്.

98. ചോ: മാർ അപ്രേമിന്റെ ഉൽപ്പത്തി പുസ്തകത്തെക്കുറിച്ചുള്ള വ്യാഖ്യാനമനുസരിച്ച് *(Commentary on Genesis)* നന്മതിന്മകളെക്കുറിച്ചുള്ള അറിവിൻ്റെ വൃക്ഷത്തിൻ്റെ ദൈവശാസ്ത്രപരമായ അർത്ഥം എന്താണ്?

ഉ: ദൈവഹിതത്തിനും മനുഷ്യൻ്റെ സ്വന്തം ഇച്ഛയ്ക്കും ഇടയിൽ തിരഞ്ഞെടുപ്പുകളുടെ പരീക്ഷണങ്ങൾ ഉണ്ടാകുമ്പോൾ അവിടെ പാലിക്കപ്പെടേണ്ട അനുസരണത്തിൻ്റെ പ്രതീകമാണ് മാർ അപ്രേമിന്റെ വീക്ഷണത്തിൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിൻ്റെ വൃക്ഷം.

99. ചോ: മാർ അപ്രേം തൻ്റെ ഉൽപ്പത്തി പുസ്തകത്തെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ *(Commentary on Genesis)* ആദം മൃഗങ്ങൾക്ക് പേരിട്ടതിനെ എങ്ങനെയാണ് വ്യാഖ്യാനിക്കുന്നത്?

ഉ: ആദത്തിന്റെ ഈ പ്രവർത്തിയെ ഒരു കാര്യസ്ഥൻ്റെ ജോലിയായും സൃഷ്ടിയുടെ മേൽ മനുഷ്യരാശിക്കുള്ള ബൗദ്ധികവും ആത്മീയവുമായ അധികാരത്തിൻ്റെ അടയാളമായും കാണുന്നു.

100. ചോ: മാർ അപ്രേമിൻ്റെ ഉൽപ്പത്തി പുസ്തകത്തെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ *(Commentary on Genesis)* ഹവ്വായെ സൃഷ്ടിക്കുന്നത് എന്തിനെയാണ് പ്രതീകവത്കരിക്കുന്നത്?

ഉ: മനുഷ്യബന്ധങ്ങളിൽ ഉണ്ടായിരിക്കേണ്ട ഐക്യത്തിൻ്റെയും പരസ്പരപൂരകതയുടെയും പ്രതിഫലനമായിട്ടാണ് ഹവ്വായുടെ സൃഷ്ടിയെ മാർ അപ്രേം എടുത്തുകാണിക്കുന്നത്.